66835

15 SEP 2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.വിജയ്.ഡി, കൺസൾട്ടന്റ് (ഓർത്തോ) - അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1938/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 09/09/2021

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.12.2019-ലെ ഇ19-(എസ്.സി-35/2019/എസ്.ഐ.യു-(1) 32174/2019 നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.02.2021-ലെ ഇ.എ1-5675/2021/ആവഡ നമ്പർ കത്ത്.

## ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) കത്ത് പ്രകാരം ലഭ്യമാക്കിയ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു വിരുദ്ധമായി സ്വകാര്യ പരിശോധന നടത്തിയതിന് അച്ചടക്ക നടപടി നേരിടുന്ന ചിറയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയിലെ ഓർത്തോ വിഭാഗം കൺസൾട്ടന്റ് ഡോ.വിജയ്.ഡി-യെ പ്രസ്തുത ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡോ.വിജയ്..ഡി-യെ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്കും, തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഓർത്തോ വിഭാഗം കൺസൾട്ടന്റ് ഡോ.സുനിൽ കുമാർ.വി.എസ്-നെ, ഡോ.വിജയ്.ഡി-യെ സ്ഥലംമാറ്റുന്ന ഒഴിവിലേയ്ക്ക് ചിറയിൻകീഴ് താലൂക്കാശുപത്രിയിലേയ്ക്കും, എറണാകുളം ജനറൽ ആശുപത്രിയിലെ ഓർത്തോ വിഭാഗം കൺസൾട്ടന്റ് ഡോ.ലക്ഷ്മി.ആർ-നെ ഡോ.സുനിൽ കുമാർ.വി.എസ്-നെ സ്ഥലംമാറ്റുന്ന ഒഴിവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്കും സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/എറണാകുളം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുതുന്ന നമ്പർ ഇ.ഒ.- 5675/2021/ആരോഗ്യം/തീയതി: 15.09.21

പകർപ്പ് സൈറ്റിലേക്കും സന്നദ്ധസംഘടനകൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

15/9/21

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

15/9/21.

Site.